ശികാന്വേഷണങ്ങളും ബന്ധപ്പെട്ട വ്യക്തികൾക്ക് നോട്ടീസ് നൽകി അവരെയും കുടുംബാംഗങ്ങളെയും ബന്ധുക്കളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള അന്വേഷണങ്ങളും നടത്തിയശേഷമാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്.

7 (151) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും ശുദ്ധജലം, വൈദ്യുതി എന്നിവ എത്തിച്ചു കഴിഞ്ഞുവോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം കോളനികളിലാണ് ഇനി ശുദ്ധജലവും വൈദ്യുതിയും എത്തിക്കാനുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) കോളനിനിവാസികൾക്ക് തൊഴിൽ നൽകുവാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കോളനി നിവാസികൾക്ക് തൊഴിൽ നൽകുവാൻ പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ ആവിഷ്കരിച്ചിട്ടുള്ള സ്വയംതൊഴിൽ പദ്ധതികൾ പ്രകാരവും സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും നൽകിവരുന്ന വായ്പാപദ്ധതികൾ പ്രകാരവും ഇവർക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാവുന്നതാണ്. ജനകീയാസൂത്രണ പദ്ധതിയനുസരിച്ചുള്ള സ്വയംതൊഴിൽ പരിപാടികളുടെ ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാണ്.

8 (152) പട്ടികജാതി-പട്ടികവർഗ്ഗ കോളനിനിവാസികളുടെ ഉന്നമനം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനി നിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) അവരുടെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിന് നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോളനി നിവാസികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനു മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നത്. ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ/ സങ്കേതങ്ങളിൽ തീവ്രസങ്കേതവികസന പരിപാടിയനുസരിച്ച് തെരഞ്ഞെടുത്ത് അവിടങ്ങളിൽ റോഡ്, വീട്, വൈദ്യുതി, ശുദ്ധജലം ആരോഗ്യസംരക്ഷണം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ വിവിധ ഡിപ്പാർട്ടുമെന്റുകൾ മുഖേന നടപ്പാക്കിവരുന്നു. കൂടാതെ അംബേദ്കർ ഗ്രാമങ്ങളിലും ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. പ്രത്യേക ഘടകപദ്ധതി - ഗിരിവർഗ്ഗ ഉപപദ്ധതികളിലൂടെ പല വികസന വകുപ്പുകളും എല്ലാ സങ്കേതങ്ങളിലും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, തൊഴിൽസൗകര്യം ഉറപ്പുവരുത്തുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി ജീവനോപാധികൾ നൽകിവരുന്നു. അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾക്കിരയായവരെ സംരക്ഷിക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു.

(ബി) സ്കൂൾ തുറക്കുന്ന സമയത്തുതന്നെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റും അർഹരായവർക്ക് സ്റ്റൈപ്പന്റും നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സമീപപ്രദേശങ്ങളിൽ സ്കൂൾ സൗകര്യമില്ലെങ്കിൽ പ്രീമെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളെ ചേർത്തു പഠിപ്പിക്കുന്നതിനും സംവിധാനമുണ്ട്. ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം വാങ്ങുന്നതിന് ധനസഹായം നൽകിവരുന്നു.

9 (153) പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളാണ് ഉള്ളത്;

(ബി) ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) ഓരോ വിഭാഗത്തിലും എത്ര കുടുംബങ്ങളാണ് ഉള്ളത് എന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കോളനികളിൽ എല്ലാ കുടുംബങ്ങൾക്കും വീട്, വൈദ്യുതി, കിണർ, കക്കൂസ് തുടങ്ങിയ പ്രാഥമികസൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് ആകെ 12807 പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുണ്ട്. അതിൽ 8862 പട്ടികജാതി കോളനികളും 3945 പട്ടികവർഗ്ഗ കോളനികളുമാണ്.

LIBRARY ARCHIVES Kerala Legislative Assembly